II ഇ.ബി.XIV-കേരള നിയമസഭ/XI-5

## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 ജൂൺ 8, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

14 (*121) ഫ്ലക്സ് നിരോധനം

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് പരിസ്ഥിതിക്ക് ദോഷം ചെയ്യുന്ന പി.വി.സി. നിർമ്മിത ഫ്ലക്സ് ബോർഡുകൾക്ക് പകരം റീസൈക്കിൾ ചെയ്യാവുന്ന പോളി എഥിലിൻ (പോളിത്തീൻ) നിർമ്മിത വസ്തുക്കളോ അതുപോലെയുള്ള മറ്റ് വസ്തുക്കളോ കോട്ടൺ തുണിയോ ഉപയോഗിക്കുന്നതിന്റെ പ്രായോഗികത

പരിശോധിക്കപ്പെടുന്നുണ്ടെന്ന് സഭയെ അറിയിച്ചു. അപകടാവസ്ഥയിലുള്ള പരസ്യ ബോർഡുകൾ നീക്കം ചെയ്യാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിക്കാവുന്നതാണെന്നും കളിപ്പാട്ടങ്ങൾ ഉൾപ്പെടെയുള്ള പ്ലാസ്റ്റിക് സാധനങ്ങൾ ഉത്പ്പാദിപ്പിക്കുന്നതും വിപണനം ചെയ്യുന്നതും ശ്രദ്ധയിൽപ്പെട്ടാൽ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് നിയമമനുസരിച്ച് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

15 (*122) <u>ലൈഫ് മിഷൻ പദ്ധതി</u>

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ലൈഫ് മിഷൻ പദ്ധതിയുടെ ആദ്യഘട്ടത്തിൽ എല്ലാ ജില്ലകളിലും ഓരോ ഭവന സമുച്ചയം നിർമ്മിക്കുമെന്നും കാസർഗോഡ്, കൊല്ലം, വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ ഭവന സമുച്ചയ നിർമ്മാണത്തിന്റെ ടെണ്ടർ നടപടി പുരോഗമിച്ചുവരികയാണെന്നും ബാക്കിയുള്ള ജില്ലകളുടെ ടെണ്ടർ ഉടൻ ആരംഭിക്കുന്നതാണെന്നും വാസയോഗ്യമല്ലാത്ത ലക്ഷം വീടുകൾ ലൈഫ് മിഷന്റെ ഭാഗമാക്കി പുനർനിർമ്മിക്കുന്നതിന് ഭവന നിർമ്മാണ ബോർഡുമായി സഹകരിച്ച് പദ്ധതി തയ്യാറാക്കുമെന്നും സഭയെ അറിയിച്ചു.

മാനദണ്ഡങ്ങൾക്കനുസരിച്ച് ഗ്രാമസഭകൾ തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമായിരിക്കും പദ്ധതിക്ക് സഹായം നൽകുന്നതെന്നും ഇതുമായി ബന്ധപ്പെട്ട ബ്ലോക്കുതല മീറ്റിംഗുകളിൽ എം.എൽ.എ.-മാരെ പങ്കെടുപ്പിക്കുന്ന കാര്യം ആലോചിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. 02-06-2018 വരെ 39243 ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഗ്രാമങ്ങളിലും നഗരങ്ങളിലും ഭൂമിയുള്ള ഭവനരഹിതർക്ക് 4 ലക്ഷം രൂപ വീതം ധനസഹായം നൽകി ഭവനം നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. എറണാകുളം പനമ്പിള്ളി നഗറിലെ പി.&റ്റി. കോളനിയിലുള്ളവർക്ക് ലൈഫ് പദ്ധതിയിലുൾപ്പെടുത്തി വീട് നിർമ്മിച്ചുനൽകാൻ അടിയന്തര നടപടിയുണ്ടാകുമെന്നും തീരപ്രദേശത്തെ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് എത്രയുംവേഗം പരിഹാരം കാണുന്നതാണെന്നും നിർമ്മാണ രംഗത്തെ സ്തംഭനാവസ്ഥ ഇല്ലാതാക്കാൻ ചെറിയ ക്വാറികളുടെമേലുള്ള നിയന്ത്രണം ഒഴിവാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. ദീർഘകാലമായി റേഷൻ കാർഡ് ഇല്ലാത്തതിനാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെ പോയ പാവപ്പെട്ട ഭവനരഹിതരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും ഓരോ ജില്ലയിലും

നിർമ്മിക്കുന്ന ഭവന സമുച്ചയങ്ങൾ അതാത് പ്രദേശത്തെ ഭവനരഹിതർക്കുള്ളതാണെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി അറിയിച്ചു.

16 (*122) കാർഷിക മേഖലയിലെ യന്ത്രവത്കരണം

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) നൽകിയ മറുപടിയിൽ, കാർഷിക യന്ത്രവത്കരണത്തിനായി രൂപീകരിച്ചിട്ടുള്ള കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ, കസ്റ്റം ഹയറിംഗ് സെന്റർ എന്നിവയുടെ ഏകോപനത്തിനും മേൽനോട്ടത്തിനുമായി കേരള സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ മിഷൻ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും വ്യക്തികൾക്കും ഗ്രൂപ്പുകൾക്കുമുള്ള മെക്കനൈസേഷൻ സൗകര്യങ്ങളെല്ലാം സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻവഴി നൽകുന്നുണ്ടെന്നും സഭയെ അറിയിച്ചു. കയ്പാട്, പൊക്കാളി മേഖലകളിൽ പ്രകൃതിദത്തമായ കൃഷിരീതി സംരക്ഷിച്ചുകൊണ്ടുള്ള മെക്കനൈസേഷൻ നടപടിയാണ് സ്വീകരിച്ചുവരുന്നത്. വനിതകളുടെ ഗ്രൂപ്പുകൾ ആവശ്യപ്പെട്ടാൽ അവർക്കുവേണ്ട എല്ലാ മെക്കനൈസേഷൻ സൗകര്യങ്ങളും ട്രെയിനിംഗും നൽകാൻ തയ്യാറാണ്. സംസ്ഥാനത്ത് 200 കാർഷിക

കർമ്മസേനകളും 79 അഗ്രോസർവ്വീസ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ടെന്നും എല്ലാ ബ്ലോക്കുകളിലും കാർഷിക സേവന കേന്ദ്രവും പഞ്ചായത്തുകളിൽ കാർഷിക കർമ്മസേനയും സ്ഥാപിക്കുമെന്നും ഐ.ടി. പാസ്സായ ചെറുപ്പക്കാരെയും കാർഷിക കർമ്മസേനയിൽ ഉൾപ്പെടുത്തുമെന്നും അഗ്രോ സർവ്വീസ് സെന്ററുകളിലെ മാനവലിൽ മാറ്റം വരുത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. കേരള കാർഷിക യന്ത്രവത്കരണ മിഷൻ കാർഷിക യന്ത്രങ്ങളുടെ മുഴുവൻ വിവരങ്ങളും ഉൾക്കൊള്ളുന്ന സൈബർ സെൽ പ്രവർത്തന സജ്ജമാകുന്നതിന്റെ അന്തിമഘട്ടത്തിലാണെന്നും പല സ്ഥലത്തും പ്രവർത്തിപ്പിക്കാതെ കിടക്കുന്ന യന്ത്രങ്ങളെല്ലാം പുതിയതായി ആരംഭിക്കാൻ പോകുന്ന അഗ്രോ സർവ്വീസ് സെന്ററുകൾക്കുൾപ്പെടെ നൽകാനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും കർഷകർക്ക് ആവശ്യമായ യന്ത്രങ്ങൾ ഡെവലപ് ചെയ്തെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സർക്കാരിന് 30,000 ഹെക്ടർ സ്ഥലത്ത് അധികമായി നെൽകൃഷി ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെന്നും മണ്ണ് പരിശോധനയടക്കമുള്ള കാര്യങ്ങൾക്ക് ശാസ്ത്രീയ രീതിയിൽ പരിശീലനം കൊടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി

അറിയിച്ചു.

17 (*124) റബ്ബറിന്റെ വിലയിടിവുമൂലം കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

കൃഷി വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സ്വാഭാവിക റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനുമായി 'ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ' രൂപീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. റബ്ബറുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലെയും വികസനത്തിനായി ദീർഘകാല തന്ത്രങ്ങളും റബ്ബർ പോളിസിയും രൂപീകരിക്കുക എന്നതാണ് ടാസ്ക് ഫോഴ്സിൽ കൂടി കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നത്. ചിരട്ടപ്പാൽ ഇറക്കുമതിക്കുള്ള നിരോധനം തുടരണമെന്നും റബ്ബറിന്റെ താങ്ങുവില 150 രൂപയിൽനിന്നും 200 രൂപയാക്കി ഉയർത്തുന്നതിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. റബ്ബർ അധിഷ്ഠിത മൂല്യവർദ്ധിത ഉത്പന്നങ്ങൾക്കായി കേരളത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള സിയാൽ മോഡൽ കമ്പനി രൂപീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും റബ്ബർ കർഷകരെ സഹായിക്കുന്നതിന് കൃഷി വകുപ്പ് എല്ലാ പിന്തുണയും നൽകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി

മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1588 മുതൽ 1946 വരെയുള്ള ചോദ്യങ്ങളിൽ 158 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)